"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 17.07.2024 -ലെ തീരുമാനം നമ്പർ 4.9 -ന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1811/2024/LSGD തീയതി,തിരുവനന്തപുരം, 29-09-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം. 492/2023/ഡബ്ല്യൂആർ.ഡി, തീയതി 24/05/2023
2. കരവാളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/05/2023 ലെ തീരുമാനം.
3. പുനലൂർ നിയമസഭാമണ്ഡലം എം.എൽ.എ ബഹു.ശ്രീ പി.എസ് സുപാൽ സമർപ്പിച്ച 08/08/2023 ലെ നിവേദനം.
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/01/2024 ലെ എൽ.എസ്.ജി.ഡി /പി.ഡി/60743/2023-REV 5 നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 17.07.2024 -ലെ തീരുമാനം നമ്പർ 4.9

**ഉത്തരവ്**

കരവാളൂർ ഗ്രാമപഞ്ചായത്ത് 12-ാം വാർഡിലെ സർവ്വെ നം.218/6 സർവ്വെ നമ്പരിൽ ഉൾപ്പെടുന്നതും കെ.എ.പി ഉടമസ്ഥതയിലുള്ളതുമായ 3.59 ആർ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശം ജല വിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ടും, കെ.ഐ.പി. പദ്ധതിയുടെ ആവശ്യാനുസരണം സ്ഥലം വേണ്ടി വന്നാൽ മറ്റ് യാതൊരുവിധ ഉപാധികളും കൂടാതെ പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതായിരിയ്ക്കുമെന്നും, മറ്റേതെങ്കിലും രീതിയിൽ നിയമ പ്രശ്നമുണ്ടായാലും കരാർ റദ്ദ് ചെയ്യുന്നതുമായിരിയ്ക്കുമെന്ന ഉപാധികളോടെ ടി സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിയ്ക്കുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് കരവാളൂർ ഗ്രാമപഞ്ചായത്തിന് അനുവാദം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി നിർമ്മിക്കുന്നതിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം കൂടി ഉപയോഗിക്കുന്നതിന് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം കരവാളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും, അനുമതിയ്ക്കായി പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

2) പ്രസ്തുത വിഷയം 17/07/2024 ൽ ചേർന്ന കോ ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും പരാമർശം (5) ലെ തീരുമാന പ്രകാരം കരവാളൂർ ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്ന കെ.ഐ.പി നിർമ്മിച്ച കെട്ടിടം

ശോചനീയവസ്ഥയിലായതിനാലും, കരവാളൂർ ഗ്രാമപഞ്ചായത്ത് 12-ാ‍ാം വാർഡിലെ സർവ്വെ നം. 218/6 സർവ്വെ നമ്പരിൽ ഉൾപ്പെടുന്നതും കെ.എ.പി ഉടമസ്ഥതയിലുള്ളതും ഹോമിയോ ഡിസ്പെൻസറി സ്ഥിതിചെയ്യുന്നതുമായ 3.59 ആർ സ്ഥലം കരാർ വച്ച് **കരവാളൂർ ഗ്രാമപഞ്ചായത്ത്** ഏറ്റെടുത്ത സാഹചര്യത്തിലും, പ്രസ്തുത സ്ഥലത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം ജല വിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

സെക്രട്ടറി, കരവാളൂർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ജലവിഭവ (എ) വകുപ്പ് (03/04/2024 ലെ WRD-A3/58/2024 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്,
ഐ &പി.ആർ.ഡി
കരുതൽ ഫയൽ( LSGD-DB1/380/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 30-09-2024 17:55:54